# Visit of Minister of State for External Affairs, Shri V. Muraleedharan to Nigeria (August 22-23, 2022)

August 25, 2022

---

**വിദേശകാര്യ സഹമന്ത്രി ശ്രീ വി. മുരളീധരന്റെ നൈജീരിയ സന്ദർശനം (ഓഗസ്റ്റ് 22-23, 2022)**

ഓഗസ്റ്റ് 25, 2022

1, വിദേശകാര്യ, പാർലമെന്ററി കാര്യ സഹമന്ത്രി ശ്രീ വി. മുരളീധരൻ 2022 ഓഗസ്റ്റ് 22 മുതൽ 23 വരെയുള്ള തിയ്യതികളിൽ ഫെഡറൽ റിപ്പബ്ലിക് ഓഫ് നൈജീരിയയിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തി. ഇത് അദ്ദേഹത്തിന്റെ രണ്ടാമത്തെ നൈജീരിയ സന്ദർശനമായിരുന്നു, നേരത്തെ 2019 ജൂണിൽ നൈജീരിയയുടെ ജനാധിപത്യ ദിനാഘോഷങ്ങളിൽ പങ്കെടുക്കാനായിരുന്നു ആദ്യ സന്ദർശനം.

2. സന്ദർശന വേളയിൽ, എം ഓ എസ് ഫെഡറൽ റിപ്പബ്ലിക് ഓഫ് നൈജീരിയയുടെ പ്രസിഡന്റ് മുഹമ്മദ് ബുഹാരിയെ സന്ദർശിച്ചു. ഇന്ത്യൻ കമ്മ്യൂണിറ്റിയുമായി സംവദിക്കുന്നതിന് പുറമെ നൈജീരിയൻ വിദേശകാര്യ മന്ത്രി ജെഫ്രി ഒനിയാമ, പ്രതിരോധ മന്ത്രി മേജർ ജനറൽ ബഷീർ മഗാഷി (റിട്ട.) എന്നിവരുമായി എം ഓ എസ് കൂടിക്കാഴ്ച നടത്തി. നൈജീരിയൻ പ്രമുഖരുമായി അദ്ദേഹം നടത്തിയ കൂടിക്കാഴ്ചയിൽ, വ്യാപാരം, നിക്ഷേപം, ഊർജം, വിദ്യാഭ്യാസം, ആരോഗ്യം, പ്രതിരോധം, സാംസ്കാരിക, വ്യക്തിഗത ബന്ധങ്ങൾ എന്നിവയിലെ സഹകരണം ചർച്ച ചെയ്തു. പരസ്പര താൽപര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളും ചർച്ച ചെയ്തു.

3. സന്ദർശന വേളയിൽ, അടുത്തിടെ ആരംഭിച്ച നൈജീരിയ-ഇന്ത്യ ബിസിനസ് കൗൺസിലിന്റെ (എൻഐബിസി) ഉദ്ഘാടന യോഗത്തിൽ വാണിജ്യ & നിക്ഷേപ മന്ത്രി ഒതുൻബ റിച്ചാർഡ് നിയി അഡെബയോയും ഊർജ്ജ മന്ത്രി അബൂബക്കർ ഡി അലിയു , ഖനി &. സ്റ്റീൽ ഡവലപ്മെന്റ് വകുപ് ഡോ. ഒലമിലേകൻ അഡെഗ്ബൈറ്റ്, കാനോ സ്റ്റേറ്റ് ഗവർണർ ശ്രീ. അബ്ദുല്ലാഹി ഉമർ ഗന്ദുജെ, നൈജീരിയൻ വിദേശകാര്യ മന്ത്രാലയത്തിന്റെ സഹമന്ത്രി അംബ്. സുബൈറു ദാദ എന്നിവരുമായും എംഒഎസ് മുഖ്യപ്രഭാഷണം നടത്തി. നൈജീരിയൻ ഗവൺമെന്റിലെ മുതിർന്ന ഉദ്യോഗസ്ഥരും ഇന്ത്യയിൽ

നിന്നും നൈജീരിയയിൽ നിന്നുമുള്ള നിരവധി വ്യവസായ പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു.

4. ഹൈക്കമ്മീഷണർ സംഘടിപ്പിച്ച കമ്മ്യൂണിറ്റി റിസപ്ഷനിൽ പങ്കെടുത്ത ഇന്ത്യൻ കമ്മ്യൂണിറ്റിയിലെ 200 ഓളം അംഗങ്ങളുമായും MoS ആശയവിനിമയം നടത്തി.

5 എം ഓ എസിന്റെ ന്റെ നൈജീരിയ സന്ദർശനം ഇന്ത്യയും നൈജീരിയയും തമ്മിൽ നിലനിൽക്കുന്ന ബഹുമുഖ ഉഭയകക്ഷി ബന്ധത്തെ കൂടുതൽ ദൃഢമാക്കി. NIBC യുടെ ഉദ്ഘാടന യോഗത്തിൽ വിദേശകാര്യ സഹമന്ത്രിയുടെ പങ്കാളിത്തം നൈജീരിയയുമായുള്ള ഉഭയകക്ഷി സാമ്പത്തിക പങ്കാളിത്തത്തിന് ഒരു പുതിയ പ്രചോദനം നൽകി.

**അബുജ**
**ഓഗസ്റ്റ് 25, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.